# 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച
സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്
ചെയ്തപ്രകാരമുള്ള ബില്ലും

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2016-2018)

### ഘടന

അദ്ധ്യക്ഷൻ :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

അംഗങ്ങൾ :

| | |
|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ, | എം.എൽ.എ. |
| ഡോ. എൻ. ജയരാജ്, | ,, |
| ശ്രീ. വി. കെ. സി. മമ്മത് കോയ, | ,, |
| ശ്രീ. ഡി. കെ. മുരളി, | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ, | ,, |
| ശ്രീ. വി. ഡി. സതീശൻ, | ,, |
| ശ്രീ. കെ. സുരേഷ് കുറുപ്പ്, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി.

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി.

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

## സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയച്ച 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (ബിൽ നമ്പർ 126) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും, അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ 2018 മാർച്ച് 16-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2018 മാർച്ച് 20-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2018 മാർച്ച് 22-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികൾ ഇല്ലാതെ അംഗീകരിക്കുകയും ചെയ്തു.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2018 മാർച്ച് 22.

## വിയോജനക്കുറിപ്പ്

2013-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ടിൽ ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗ്യാരന്റികൾ 21000 കോടി രൂപയിൽ കവിയാൻ പാടില്ലായെന്ന നിബന്ധനയുണ്ട്. സർക്കാർ ഗ്യാരന്റികൾ സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് അതത് സാമ്പത്തിക വർഷത്തിൽ കണക്കാക്കാവുന്ന സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ അഞ്ചു ശതമാനം കവിയാൻ പാടില്ലായെന്ന ഭേദഗതി ആണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. ഇതുമൂലം നിലവിൽ 21000 കോടി രൂപയുടെ ഗ്യാരന്റി നൽകാൻ കഴിയുന്ന സർക്കാരിന് 34000 കോടി രൂപ വരെ ഗ്യാരന്റി നിൽക്കാൻ കഴിയുന്ന സാഹചര്യമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇത് സംസ്ഥാനത്തെ കൂടുതൽ കൂടുതൽ കടത്തിലേക്ക് തള്ളിവിടുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണ്. കടമെടുക്കുന്ന തുക ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിൽ മുടക്കാതെ യാതൊരു സാമ്പത്തിക അച്ചടക്കവും പാലിക്കാതെ ചെലവ് ചെയ്യുന്ന സർക്കാർ നയം പ്രോത്സാഹിപ്പിക്കുന്ന ഈ ഭേദഗതിയെ അതിനാൽ തന്നെ എതിർക്കുന്നു.

വി. ഡി. സതീശൻ ( ഒപ്പ്)

600/2018.

# 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

## 2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 2003-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിലെ (2003-ലെ 30) 3-ാം വകുപ്പിൽ "ഇരുപത്തിയൊന്നായിരം കോടി രൂപയിൽ" എന്ന വാക്കുകൾക്കുപകരം "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
22 മാർച്ച് 2018.